പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1846 07.12.2015 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ

ചോദ്യം

ശ്രീ.ഇ.ചന്ദ്രശേഖരൻ

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | എ) അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) ഇതിൽ എത്ര അപേക്ഷകളിന്മേൽ തത്സമയം തീരുമാനമെടുത്തു, എത്ര അപേക്ഷകളിൽ പിന്നീട് ഇതുവരെ തീരുമാനമെടുത്തു എന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വിശദമാക്കാമോ; | ബി) തത്സമയം തീരുമാനമെടുത്തതും പിന്നീട് ഇതുവരെയും തീരുമാനമെടുത്തതുമായ അപേക്ഷകളുടെ വിവരം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മൊത്തത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| സി) ജനസമ്പർക്ക പരിപാടികളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉള്ള ധനസഹായത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും, അതിൽ തത്സമയം തുക അനുവദിച്ചവയും പിന്നീട് അനുവദിച്ചവയും, ഇനിയും അനുവദിക്കാനുള്ളവയും ജില്ല, ഘട്ടം, എണ്ണം എന്നിവ തിരിച്ച് വിശദമാക്കാമോ; | സി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ ധനസഹായത്തിനുള്ളവയിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകളും മറ്റനുബന്ധ രേഖകളും ലഭ്യമാക്കിയ അപേക്ഷകളിൽ അർഹതപ്പെട്ടവയ്ക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.<br><br>.....2 |

| | |
|---|---|
| | ഓരോ ഘട്ടത്തിലും മൊത്തത്തിൽ ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. മിക്കവാറും എല്ലാ ജില്ലകളിലും ഒന്നും രണ്ടും ഘട്ടങ്ങളിൽ ധനസഹായത്തിനായുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുള്ളതാണ്. മൂന്നാംഘട്ടത്തിൽ തീർപ്പാക്കാനായി അവശേഷിക്കുന്ന അപേക്ഷകളിൽ ധനസഹായത്തിനുള്ളവയുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| ഡി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷയിന്മേൽ ഇനിയും തീർപ്പ് കൽപ്പിക്കാത്ത എത്ര അപേക്ഷകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് പറയാമോ; | ഡി) അനുബന്ധം 4 ൽ ചേർക്കുന്നു. |
| ഇ) ഇവ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ? | ഇ) ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ, കോടതി കേസ്സുകൾ, റീസർവ്വെയുമായി ബന്ധപ്പെട്ട കേസ്സുകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും ഹാജരാക്കാത്ത അപേക്ഷകൾ എന്നിവ ഉൾപ്പെടുന്നതിനാലാണ് തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

## ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകൾ

| ജില്ല | ഒന്നാംഘട്ടം | രണ്ടാംഘട്ടം | മൂന്നാംഘട്ടം |
|---|---:|---:|---:|
| തിരുവനന്തപുരം | 22,286 | 22,047 | 28,646 |
| കൊല്ലം | 25,725 | 44,569 | 49,313 |
| പത്തനംതിട്ട | 44,199 | 11,614 | 21,587 |
| ആലപ്പുഴ | 48,309 | 26,171 | 28,630 |
| കോട്ടയം | 76,078 | 14,587 | 23,984 |
| ഇടുക്കി | 43,400 | 17,451 | 39,248 |
| എറണാകുളം | 15,675 | 10,923 | 17,198 |
| തൃശ്ശൂർ | 90,688 | 35,113 | 25,597 |
| പാലക്കാട് | 30,852 | 37,761 | 33,708 |
| മലപ്പുറം | 58,960 | 17,964 | 31,825 |
| കോഴിക്കോട് | 13,871 | 22,745 | 19,680 |
| വയനാട് | 29,002 | 22,756 | 15,304 |
| കണ്ണൂർ | 28,539 | 16,505 | 24,707 |
| കാസർഗോഡ് | 22,417 | 20,863 | 20,057 |

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

## തീർപ്പാക്കിയ അപേക്ഷകൾ

| ജില്ല | ഒന്നാംഘട്ടം (തത്സമയവും പിന്നീടും തീർപ്പാക്കിയവ ) | രണ്ടാംഘട്ടം (തത്സമയവും പിന്നീടും തീർപ്പാക്കിയവ ) | മൂന്നാംഘട്ടം (തത്സമയവും പിന്നീടും തീർപ്പാക്കിയവ ) |
|---|---:|---:|---:|
| തിരുവനന്തപുരം | 13,323 | 22,047 | 25,349 |
| കൊല്ലം | 25,725 | 44,569 | 20,661 |
| പത്തനംതിട്ട | 44,199 | 11,614 | 19,760 |
| ആലപ്പുഴ | 48,309 | 26,171 | 26,498 |
| കോട്ടയം | 73,524 | 14,548 | 21,474 |
| ഇടുക്കി | 43,400 | 17,451 | 23,729 |
| എറണാകുളം | 15,675 | 10,423 | 6,436 |
| തൃശ്ശൂർ | 87,141 | 35,079 | 24,337 |
| പാലക്കാട് | 30,852 | 37,761 | 22,331 |
| മലപ്പുറം | 58,960 | 17,964 | 29,953 |
| കോഴിക്കോട് | 13,871 | 22,745 | 14,808 |
| വയനാട് | 29,002 | 22,660 | 11,075 |
| കണ്ണൂർ | 28,539 | 16,458 | 22,388 |
| കാസർഗോഡ് | 22,417 | 20,863 | 18,299 |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം-3

## ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

| ജില്ല | ഒന്നാംഘട്ടം (തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം) | രണ്ടാംഘട്ടം (തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം) | മൂന്നാംഘട്ടം (തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം) |
|---|---|---|---|
| തിരുവനന്തപുരം | 1,669 | 2,867 | 10,282 |
| കൊല്ലം | 3,619 | 9,570 | 11,187 |
| പത്തനംതിട്ട | 4,258 | 3,941 | 10,044 |
| ആലപ്പുഴ | 5,497 | 6,384 | 3,829 |
| കോട്ടയം | 5,005 | 4,367 | 9,667 |
| ഇടുക്കി | 3,991 | 1,930 | 1,200 |
| എറണാകുളം | 924 | 1,922 | 34 |
| തൃശ്ശൂർ | 3,538 | 3,077 | 10,146 |
| പാലക്കാട് | 5,352 | 2,996 | 6,302 |
| മലപ്പുറം | 3,724 | 3,428 | 7,574 |
| കോഴിക്കോട് | 462 | 3,509 | 3,147 |
| വയനാട് | 2,334 | 3,925 | 2,909 |
| കണ്ണൂർ | 2,227 | 3,842 | 8,127 |
| കാസർഗോഡ് | 3,457 | 3,362 | 4,485 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-4

| ജില്ല | ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്നവ |
|---|---:|
| തിരുവനന്തപുരം | 12,260 |
| കൊല്ലം | 28,652 |
| പത്തനംതിട്ട | 1,827 |
| ആലപ്പുഴ | 2,132 |
| കോട്ടയം | 5,103 |
| ഇടുക്കി | 16,719 |
| എറണാകുളം | 10,762 |
| തൃശ്ശൂർ | 4,841 |
| പാലക്കാട് | 11,477 |
| മലപ്പുറം | 1,872 |
| കോഴിക്കോട് | 4,872 |
| വയനാട് | 4,325 |
| കണ്ണൂർ | 1,459 |
| കാസർഗോഡ് | 1,758 |

സെക്ഷൻ ഓഫീസർ